# നീര സംവാദം സംഘടിപ്പിച്ചു

തിരുവനന്തപുരം: നാളികേര വികസന ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തിരുവനന്തപുരം ജില്ലയിലെ നേമം നാളികേര ഉൽപാദക സംഘത്തിന്റെ( സിപിഎഫ് ) ആഭിമുഖ്യത്തിൽ നീരയെ ആസ്പദമാക്കി സംവാദം സംഘടിപ്പിച്ചു. തിരുവനന്തപുരത്തെ ജില്ലാ സഹകരണ ബാങ്കിന്റെ കോട്ടയ്ക്കകം ഓഡിറ്റോറിയത്തിലായിരുന്നു പരിപാടി. കൃഷി വകുപ്പ് മുൻ ഡയറക്ടർ ആർ ഹേലി മോഡറേറ്ററായിരുന്നു. സംസ്ഥാന ആസൂത്രണ ബോർഡ് അംഗം സിപി ജോൺ, മുൻ എംപി ഫ്രാൻസിസ് ജോർജ്, എം.സുകുമാരപിള്ള, തോമസ് മാത്തുണ്ണി, അഡ്വ. വർക്കല ബി. രവികുമാർ, ധർമ്മരാജൻ, മുരളീധരൻ തഴക്കര, എൻ.രമേശൻ, എം.കെ ഉണ്ണികൃഷ്ണൻ, ബാബു ജോസഫ്, മിനി മാത്യു, ദീപ്തി നായർ, കെ.എസ് സെബാസ്റ്റ്യൻ, എന്നിവരും തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിലെ നാളികേര ഉത്പാദക സംഘങ്ങളിലെ കേരകർഷകരും നീര സംവാദത്തിൽ പങ്കെടുക്കുന്നു.

പോളിസി ബോർഡ് എന്ന നിലയ്ക്ക് നീര പ്രാബല്യത്തിലാക്കുന്നതിന് സംസ്ഥാന ആസൂത്രണ ബോർഡിന്റെ എല്ലാവിധ പിന്തുണയും നാളികേരബോർഡിനും കേരകർഷകർക്കും നൽകുമെന്നു സംസ്ഥാന ആസൂത്രണ ബോർഡ് അംഗം. സിപി ജോൺ അറിയിച്ചു